# "കേരളത്തിലെ പൊതു തൊഴിൽ റിക്രൂട്ട്മെന്റ്: എന്ന ഏജിയൻ സ്റ്റേബിൾ

ഡോ. ജോസഫ് ഏബ്രഹാം

കേരളത്തിലെ തൊഴിൽ രംഗം പ്രതിസന്ധികളിലാണ്. പിന്നിട്ട ഒരു ദശാബ്ദ കാലഘട്ടത്തിൽ (2015-2025) അഭ്യസ്തവിദ്യരുടെ തൊഴിവില്ലായ്മ നിരക്ക് 28-30 ശതമാനമായി തുടരുന്നു. 2025-ൽ ജോലിയ്ക്കായി 23 ലക്ഷം യുവജനങ്ങൾ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്നു. ഇവരിൽ 94 ശതമാനവും എസ്.എസ്.എൽ.സിക്ക് ഉപരി വിദ്യാഭ്യാസം നേടിയവരാകുന്നു. 2025-ൽ കേരളത്തിലെ പൊതു തൊഴിലില്ലായ്മ 7-8% നിരക്ക് ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്ന് നിൽക്കുന്നു. വിദേശ രാജ്യങ്ങളിൽ ഏകദേശം 25-27ലക്ഷം കുടിയേറ്റ കേരളീയ-തൊഴിലാളികൾ പണിയെടുക്കുന്നു. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ 8-10 ലക്ഷം കേരളീയർ പണിയെടുക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഏതാണ്ട് 40 ലക്ഷം തൊഴിലാളികൾ കേരളത്തിൽ അനൗപചാരിക ജോലികൾ നിർവ്വഹിച്ചുപോരുന്നുണ്ട്.

ഇക്കാരണങ്ങളാൽ കേരളത്തിൽ പൊതു മേഖലയിലെ ജോലി ലഭിക്കലിന്റെ ആകർഷണീയത വളരരെ സുപ്രധാനമായി മാറിയിരിക്കുന്നു. ഇവിടെ അതിപ്രധാന നിർവ്വഹണ സർക്കാർ സംവിധാനങ്ങളായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും (കെ.പി.എസ്.സി.) എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകളുടെയും (ഇ.ഇ.) നിലവിലെ തൊഴിൽ റിക്രൂട്ട്മെന്റ് രീതികൾ രൂക്ഷമായ വിശകലനത്തിന് വിധേയമാക്കപ്പെട്ടുവരുന്നു. ഇവയുടെ പ്രസക്തി തുടരെ നഷ്ടപ്പെടുന്നുവോ? ആകെ മൊത്തം കേരളത്തിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 50 ശതമാനത്തിലേയ്ക്ക് തളയ്ക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനത്ത് തൊഴിൽ അന്വേഷിക്കുന്ന 76% പുരുഷന്മാർക്ക് ജോലി ലഭിക്കുമ്പോൾ വെറും 23% സ്ത്രീകൾക്കെ തൊഴിൽ ലഭിക്കുന്നുള്ളൂ. കേരളത്തിലെ വനിതകൾ രൂക്ഷമായി തൊഴിലില്ലായ്മ അഭിമുഖീകരിക്കുന്നു. മനുഷ്യശേഷി വിഭവശേഷി സൂചികയിൽ (എച്ച്.സി.എഫ്.ഐ)യിൽ ഒന്നാം സ്ഥാനത്ത് നില്ക്കുമ്പോഴാണ് ഇപ്രകാരം സംസ്ഥാനത്തെ തൊഴിൽ രംഗം ഒരുഏജിയൻ തൊഴുത്തായി തുടരുന്നത്.

## പൊതു തൊഴിൽ രംഗം

കേരളത്തിലെ അഭ്യസ്ഥവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുന്ന സുപ്രധാന മേഖലയാണ് സർക്കാർ-ഭരണ-പബ്ലിക് സെക്ടർ രംഗം. കേരളത്തിലെ പൊതു-സർക്കാർ ഏതാണ്ട് 9-9.5 ലക്ഷം പേർക്ക് തൊഴിൽ നൽകുന്നു. പിന്നിട്ട ദശാബ്ദത്തിൽ പൊതു മേഖലയിലെ തൊഴിൽ നൽകൽ 4 ശതമാനം വളർച്ച രേഖപ്പെടുത്തി. എന്നാൽ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ നിരക്ക് 30-40 ശതമാനത്തിലെത്തിയിരിക്കുന്നു. സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കുക എന്നത് യുവജനങ്ങൾക്ക് വലിയ വെല്ലുവിളിയായി തുടരുന്നു.

**ഏജിയൻ സ്റ്റേബിളുകൾ**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനും (കെ.പി.എസ്.സി.) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും (ഇ.ഇ.) സർക്കാർ പൊതുമേഖലകളിലെ തൊഴിൽ നിയമങ്ങളെ സുതാര്യവും നിയമാനുസ്രുതവുമായി നടപ്പിലാക്കുവാൻ പ്രതിജ്ഞാബധരാണ്. എന്നാൽ മുൻകാലങ്ങളിൽ ഈ രണ്ട് ഭരണ സംവിധാനങ്ങളെ തികച്ചും നോക്കുകുത്തികളാക്കി താല്ക്കാലിക നിയമനങ്ങൾ, കോൺട്രാക്ട്, ദിവസകൂലി ജോലി നൽകൽ, അനധികൃത-സ്ഥിരപ്പെടുത്തൽ എന്നിവ പരക്കെ സംസ്ഥാനത്ത് അരങ്ങേറി. ഇത് പല തലങ്ങളിൽ, വിവിധ രീതികളിൽ പ്രതിഷേധങ്ങൾ, കോടതി നടപടികൾ, നിയമസഭാ ചർച്ചകൾ, മറ്റ് രാഷ്ട്രീയ ചർച്ചകൾ എന്നിവകളിലേയ്ക്ക് നയിച്ചിരിക്കുന്നു. മെറിറ്റ്, നിയമം, ഇതര നിബന്ധനകൾ പാലിക്കാതെ നിയമനങ്ങൾ നൽകുന്ന ഭരണ അധികാരികൾ ശിക്ഷിക്കപ്പെടാതെ പോവുന്ന കാഴ്ച തുടരുന്നു. പിന്നിട്ട ഒരു ദശാബ്ദ കാലഘട്ടത്തിൽ ഭരിച്ച സർക്കാരുകൾ നടത്തിയ പിൻവാതിൽ/നിയമ വിരുദ്ധ നിയമനങ്ങളുടെ വിലയിരുത്തലിനോടൊപ്പം, ഇവയ്ക്കെതിരെ രൂപം കൊണ്ട് പ്രതിഷേധ പ്രതിരോധ നീക്കങ്ങളെ സമഗ്രമായി അപഗ്രഥിക്കുകയാണിവിടെ. വലിയ തോതിൽ പിൻവാതിൽ നിയമനങ്ങൾ, ഏകദേശം 2.15 ലക്ഷത്തിനുപരി നിലവിലുള്ള സർക്കാർ നടത്തിയെന്ന് പ്രതിപക്ഷം ആരോപണം ഉന്നയിച്ചിരിക്കുന്നു. ഇവ സംബന്ധിച്ച് നിയമസഭാ ചർച്ചകൾ പലതു നടന്നു, പക്ഷെ സർക്കാർ ഈ കണക്കുകൾ പൊതുജനത്തിന് നാളിതുവരെ നൽകിയിട്ടില്ല.

**മുഖ്യ നിയമന തകർച്ചാരീതികൾ**

(i) മുൻകാലങ്ങളിലെ പല താല്ക്കാലിക കോൺട്രാക്റ്റ് നിയമനങ്ങൾ നിലവിലെ ലിസ്റ്റിനെ മറികടന്ന് സ്ഥിരപ്പെടുത്തുന്നു;

(ii) രാഷ്ട്രീയ ചായ്വ് പ്രകടമായിട്ടുള്ള അംഗത്വ സഹകരണ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവ നടത്തുന്ന സ്ഥിരം നിയമനങ്ങൾ;

(iii) സ്വകാര്യ കൺസൾട്ടൻസികൾ, മറ്റ് തൊഴിൽ സേവന ഏജൻസികൾ എന്നിവ മുഖേന നടത്തപ്പെടുന്ന നിയമനങ്ങൾ;

(iv) താല്ക്കാലിക നിയമനങ്ങളെ അനന്തമായി തുടരാനനുവദിക്കുന്നത്; സ്ഥിരപ്പെടുത്തുന്നത്;

(v) സ്വയം ഭരണ വകുപ്പുകൾ, ഏകപക്ഷീയമായ സമിതി/ബോർഡ് നീരുമാനപ്രകാരം നടത്തുന്ന സ്ഥിരം നിയമനങ്ങൾ.

ഇവ പലവിധ പ്രതിക്ഷേധങ്ങളെ സൃഷ്ടിച്ചു. (i) തൊഴിലില്ലാത്ത യുവജനങ്ങളുടെ സംഘടനകളുടെ പ്രതിഷേധങ്ങൾ, (ii) നീതി നിർവ്വഹത്തിനായി കോടതിയെ സമീപിയ്ക്കൽ; (iii) പല തരത്തിലുള്ള നിയമന വിഭാഗതീയകൾക്കെതിരെ രാഷ്ട്രീയ പ്രതിഷേധങ്ങൾ, പ്രകടനങ്ങൾ.

കേരളത്തിലെ ഹൈക്കോടതി, സുപ്രീം കോടതി ഉത്തരവുകൾ അനധികൃത ക്രമവത്കരണങ്ങളെ നിരസിക്കുകയും പി.എസ്.സി മുഖേനയുള്ള എല്ലാ തൊഴിലന്വേഷകർക്കും ഭരണഘടനയുടെ 14-16 ആർട്ടിക്കിൾ പ്രകാരം നിയമനത്തിന്റെ മുമ്പിൽ തുല്യ പരിഗണന/അവസരങ്ങൾ ഉറപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പക്ഷെ ഈ തൊഴിൽ രംഗം ഏജിയൻ സ്റ്റേബിളായി തുടരുന്നു.

## നിയമന പ്രതിസന്ധികൾ 2014-2016 കാലഘട്ടം

വലതുപക്ഷ സർക്കാരിന്റെ ഭരണകാലത്ത് ക്രമം വിട്ട നിയമനങ്ങൾ പൊതുവെ കുറഞ്ഞ തോതിലായിരുന്നു അരങ്ങേറിയത്. മുഖ്യമായി നാലു ഭരണ സംവിധാനങ്ങളിലൂടെയാണ് അക്കാലത്ത് അനധികൃത നിയമനങ്ങൾ അരങ്ങേറിയത്:- (i) കെ.എസ്.ആർ.റ്റി.സി.യിൽ ആയിരം (1000) താല്ക്കാലിക ഡ്രൈവർ/കോൺട്രാക്റ്റർമാരെ പി.എസ്.സി. ലിസ്റ്റ് മറികടന്നു നിയമിച്ചു; (ii) സഹകരണ മേഖലയിൽ നൂറുകണക്കിന് ക്ലാർക്കുമാരെ രാഷ്ട്രീയ പരിഗണന വച്ചു നിയമിച്ചു; (iii) തദ്ദേശ സ്വയംഭരണ വകുപ്പിൽ 300 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ എംപ്ലോയിമെന്റ് ലിസ്റ്റിനെ മറികടന്നു നിയമനം നൽകി. (iv) കെ.എസ്.ഇ.ബി.യിൽ ഇരുന്നൂറ് ടെക്നിക്കൽ സഹായികളെ സ്വകാര്യ കൺസൾട്ടിംഗ് മുഖേന നിയമിച്ചു.

മേൽപ്രകാരമുള്ള വലതുപക്ഷ സർക്കാരിന്റെ അനധികൃത നിയമന രീതികളെ അക്കാലത്തെ പ്രതിപക്ഷവും സംഘടിത യുവജന പ്രസ്ഥാനങ്ങളും നിശിതമായി വിമർശിച്ചിരുന്നു. സഹകരണ മേഖലയെ തകർത്തതായി പരക്കെ പ്രതിപക്ഷ ആരോപണങ്ങൾ ഉയർന്നിരുന്നു. എങ്കിലും ഈ പ്രതിഷേധങ്ങൾ വലിയ തോതിലേക്ക് വ്യാപിച്ചിരുന്നു. സ്ഥിതിഗതികൾ ഏജിയൻ തൊഴുത്തായി അവശേഷിച്ചു.

## ഒന്നാം ഇടതു സർക്കാർ (2016-21)

ഈ ഭരണ കാലഘട്ടത്തിൽ പൊതു ഭരണ രംഗത്ത് വലിയ തോതിലുള്ള നിയമന പ്രതിസന്ധികൾ രൂപം പ്രാപിച്ചു. പൊതുമേഖലകളിൽ താല്ക്കാലികക്കാരെ വലിയ തോതിൽ നിയമിക്കുകയും പിന്നീട് സ്ഥിരവത്കരിക്കുകയും ചെയ്തു. ഇവ മുഖ്യമായി :- (i) കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിൽ 1500 സെയിൽസ്മാൻമാരെയാണ് താല്ക്കാലികമായി നിയമിച്ച് പിന്നീട് സ്ഥിരപ്പെടുത്തുകയും ചെയ്തത്; (ii) കെ.എസ്.ആർ.റ്റി.സി.യിൽ 3000 എം പാനൽ കണ്ടക്ടർമാരെ പ്രൊവിഷനലായി നിയമിച്ചു; (iii) വിവിധ സർക്കാർ വകുപ്പുകളിലായി 800 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ പല കോൺട്രാക്ട് ഏജൻസികൾ മുഖേന നിയമിച്ചു; (iv) ദേവസ്വം ബോർഡുകളിൽ ഏതാണ്ട് നാനൂറ് (400) ക്ലാർക്കുമാരെ പി.എസ്.സി. ലിസ്റ്റിന് പുറമെ നിന്നു നിയമിച്ചു; (v) സഹകരണ സ്ഥാപനങ്ങളിൽ ബാങ്ക് സ്റ്റാഫായി ആയിരത്തി ഇരുന്നൂറ് (1200) പേരെ രാഷ്ട്രീയ പരിഗണനകൾ വച്ചു നിയമിച്ചു.

ഇവ മിക്കവയും കോടതികളിൽ ചോദ്യം ചെയ്യപ്പെട്ടു. കോടതി പരക്കെ വ്യക്തമാക്കിയത്, താല്ക്കാലിക ക്രമപ്രകാരമല്ലാത്ത നിയമനങ്ങളെ സ്ഥിരപ്പെടുത്തരുതെന്നായിരുന്നു. പി.എസ്.സി.യും തുടർച്ചെയുള്ള പ്രൊവിഷണൽ നിയമനങ്ങളെ അംഗീകരിച്ചില്ല, മെറിറ്റ് അടിസ്ഥാനപ്പെടുത്തി വകുപ്പുതല നിയമന രീതികൾ അവലംബിക്കുവാൻ നിഷ്കർഷിക്കുകയുണ്ടായി. പക്ഷെ ഏജിയൻ സ്റ്റേബിൾ പ്രകടനം തുടർന്നുപോരുന്നു.

## രണ്ടാം ഇടതു സർക്കാർ (2021-2026)

നിലവിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലഘട്ടത്തിലുടനീളം തീവ്രമായ പ്രതിഷേധങ്ങളും സമരങ്ങളും അനധികൃത കോൺട്രാക്ചൽ, താല്ക്കാലിക നിയമനങ്ങൾക്കെതിരെ അരങ്ങേറുന്ന കാഴ്ചയാണ് ദർശിച്ചത്.

അനേക ആയിരം അനധികൃത നിയമനങ്ങൾ, സർക്കാർ കോർപ്പറേഷനുകളിൽ, യൂണിവേഴ്സിറ്റികളിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ പരക്കെ അരങ്ങേറിയ അവസ്ഥയാണ് നടമാടിയത്. പ്രധാനമായി :- (i) കെ.എസ്.ആർ.റ്റി.സി.യിൽ നാലായിരം

(4000) താല്ക്കാലിക ഡ്രൈവർമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചു. (ii) കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിൽ രണ്ടായിരം (2000) സെയിൽസ് അസിസ്റ്റന്റുമാരെ താല്ക്കാലികമായി നിയമിച്ചു; (iii) യൂണിവേഴ്സിറ്റികളിൽ രണ്ടായിരം (2000) അസിസ്റ്റന്റ് പ്രൊഫസർമാരെയും ക്ലാർക്ക് മാരെയും നിയമാനുസൃതമല്ലാതെയുള്ള രീതികളിലൂടെ നിയമിച്ചു; (iv) കിഫ്ബി ഇതര അനുബന്ധ ഏജൻസികൾ മുഖേന 150 പ്രൊജക്ട് കൺസൾട്ടന്റുമാരെ പി.എസ്.സിയെ മറികടന്നു നിയമിച്ചു. (v) തദ്ദേശ സ്വയംഭരണ വകുപ്പിൽ ആയിരം (1000) സാങ്കേതിക ഇതര പ്രൊജക്റ്റ് സ്റ്റാഫിനെ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു.

മേൽപ്രകാരമുള്ള അനധികൃത നിയമന-പ്രതിസന്ധികൾ തുടരെ അരങ്ങേറിയത് പരക്കെ സംസ്ഥാനത്തു നിലനിൽക്കുന്ന സാമ്പത്തിക വെല്ലുവിളികളുടെ ഇടയിലൂടെയായിരുന്നത് ശ്രദ്ധേയമാണ്. ഈ നിയമനങ്ങൾ ഒഴിച്ചുകൂടാൻ വയ്യാത്തവയായിരുന്നോ? ഇവ കടുത്ത സാമ്പത്തിക ഭാരം വരുത്തിവയ്ക്കുകയില്ലേ? നിലവിലെ സ്ഥിരം ജോലിക്കാർ മികവുറ്റ രീതിയിൽ നിശ്ചിത തൊഴിൽ നിർവ്വഹിക്കാതെ വരുമ്പോഴാണ് 'ഭരണക്കാർക്ക്' വർദ്ധിത അഴിമതി നിയമനങ്ങൾ നടത്തുവാൻ വഴി തുറന്നു ലഭിച്ചുവരുന്നത്.

**<u>പൊതുജന വിയോജിപ്പും യുവജന പ്രതിഷേധങ്ങളും</u>**

അഭ്യസ്ഥവിദ്യരായ യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും, സർക്കാർ തൊഴിൽ ലഭിക്കുവാൻ നിലവിൽ അവസരങ്ങൾ കുറവാണ്. ആയതിനാൽ ഒരു വലിയ വിഭാഗം യുവാക്കൾ രാഷ്ട്രീയ പ്രവർത്തനം മുഖ്യതൊഴിലായി സ്വീകരിച്ചു വരുന്ന സ്ഥിതി നമുക്ക് ചുറ്റുമുണ്ട്.

സുതാര്യവും നിയമാനുസൃതവുമല്ലാത്ത തരത്തിൽ സർക്കാർ-പൊതു മേഖലയിലെ തൊഴിൽ നല്കൽ സംസ്കാരം സംസ്ഥാനത്ത് വലിയ സാമൂഹിക പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുന്നു. നിലവിൽ പ്രതിഷേധങ്ങളും എതിർപ്പും മുഖ്യമായും ഉണ്ടാകുന്നത്:- (i) പി.എസ്.സി. റാങ്ക് ഹോൾഡർമാരുടെ സംഘടനകൾ; (ii) തൊഴിൽരഹിത യുവജന സംഘടനകൾ; (iii) നിയമ പരീക്ഷ/സംരക്ഷ തേടിയുള്ള കോടതി വ്യവഹാരങ്ങൾ എന്നിവയിലൂടെയാണ്. ഇവ 'സർക്കാരിന്' കണക്കറ്റ പ്രഹരങ്ങൾ നൽകി വരുന്നു. കോടതികൾ സർക്കാരിന് കർശന നിർദ്ദേശങ്ങൾ നല്കിവരുന്നു, പൊതു തൊഴിൽ നിയമനങ്ങൾ ചിട്ടയായും, സുതാര്യവുമായ മാർഗ്ഗങ്ങളിലൂടെ ഭരണഘടന അനുസൃതമായി നിർവ്വഹിക്കപ്പെടണമെന്ന്.

2019-25 കാലഘട്ടത്തിൽ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ സംഘടിത പ്രതിഷേധ പ്രകടനങ്ങൾ സംസ്ഥാനത്തൊട്ടാകെ വളരെ രൂക്ഷവും വിപുലവുമായി നടത്തിയത്, തികച്ചും അഭിലക്ഷണീയമല്ല, കേരള സമൂഹത്തിനാകെ. പത്രമാദ്ധ്യമങ്ങളിൽ സർക്കാരിന്റെ മേൽക്കോയ്മ രാഷ്ട്രീയ-നേട്ട പ്രേരിത പിന്നാമ്പുറ നിയമ നീക്കങ്ങളെ തുറന്നുകാട്ടിയിരിക്കുന്നു.

**<u>കോടതി ഇടപെടൽ പരിമിതം</u>**

കോടതികളുടെ മികവാർന്ന സമയോചിത ഇടപെടലുകൾ കേരളത്തിലെ പൊതു തൊഴിൽ നിയമന രംഗത്തെ കുറ്റമറ്റതാക്കാൻ പല അവസരങ്ങളിലും നീതിവാഴ്ച ഉറപ്പാക്കാൻ സർക്കാരിനെ നിർബന്ധമാക്കിയിട്ടുണ്ട്:-

(i) റെഗുലറയിസ് ചെയ്യുവാനുള്ള രീതി, സമീപനങ്ങൾ, എന്നിവ നിയമ-മത്സരാധിഷ്ഠിത തൊഴിൽ നൽകൽ, ഉറപ്പാക്കലിനെ മറികടക്കാൻ പാടില്ല;

(ii) താല്ക്കാലിക നിയമനങ്ങൾ തികച്ചും തല്ക്കാലത്തേയ്ക്കാവട്ടെ;

(iii) പൊതു തൊഴിൽ ആകെ മൊത്തം സുതാര്യവും, നിയമാനുസൃതവും തുല്യ അവസരങ്ങൾ ഉറപ്പാവുന്നതുമായി വർത്തിയ്ക്കണം.

**<u>പി.എസ്.സിയെ മറികടക്കുന്നുവോ</u>**

പൊതു തൊഴിൽ നൽകൽ മികവുറ്റതാക്കാൻ കേരള പി.എസ്.സി. വർഷങ്ങളായി സുസ്ഥ്യർഹമായ റോളാണ് നിർവ്വഹിച്ചു വരുന്നത്. എന്നാൽ നിലവിലെ പുതിയ നിയമന പ്രവണതകളിലൂടെ വിപുലമായ കടന്നുവരവ് വിശകലനമർഹിക്കുന്നു. അനലിസ്റ്റുകൾ നൽകുന്ന ദിശാ സൂചനകൾ, പ്രകാരം കോൺട്രാക്ട് പ്രൊവിഷണൽ നിയമന രീതികൾ പല പ്രമുഖ മേഖലകളിലേയ്ക്ക് വ്യാപിക്കുന്നു എന്നാണ്. ഇപ്രകാരമുള്ള അനധികൃത നിയമന വ്യാപനം തികച്ചും പ്രചരിക്കാതിരിക്കട്ടെ. വ്യവസ്ഥാപിത സംവിധാനങ്ങളായ പി.എസ്.സി. എംപ്ലോയിമെന്റ് എക്സ്ചേഞ്ച് എന്നിവകളെ നോക്കുകുത്തികളാക്കരുത്.

**<u>പൊതു തിരഞ്ഞെടുപ്പ് 2026</u>**

2026 ലെ നിയമസഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെ പൊതു തൊഴിൽ നല്കൽ രംഗം ഭരിക്കുന്ന പാർട്ടിയുടെ സങ്കുചിത രാഷ്ട്രീയ നേട്ടത്തിനായി വഴിവിട്ട നിയമനങ്ങൾക്കായി ഉപയോഗിക്കുന്നത് പ്രതിരോധിയ്ക്കേണ്ടതുണ്ട്. ഭരണക്കാർക്ക് നിയമത്തെ നോക്കുകുത്തിയായി ഭരണ സംവിധാനത്തെ സമൂഹത്തിനുമേൽ സാമ്പത്തിക സാമൂഹിക ബാദ്ധ്യതയാക്കുവാൻ അവസരം ലഭിക്കുന്നു.

സർക്കാർ പൊതുമേഖലയിൽ കോൺട്രാക്ട് നിയമനങ്ങൾ വ്യാപിക്കാതിരിയ്ക്കട്ടെ. താല്ക്കാലികക്കാരെ സ്ഥിരപ്പെടുത്തൽ എന്ന രാഷ്ട്രീയവത്കരണം ശിക്ഷാർഹമാക്കാം. ചില സർക്കാർ ബോർഡുകളിലും കോർപ്പറേഷനുകളിലും വിവേചനപരമായ നിയമനങ്ങൾ അരങ്ങേറുന്നത് പൊതുജനത്തിന് തികച്ചും സ്വീകാര്യമല്ല. പൊതു തൊഴിൽരംഗം മികവും നിയമവും പ്രോത്സാഹിപ്പിക്കട്ടെ.

സർക്കാർ ഭരണ ഭാരം കുറയ്ക്കാം സദ്ഭരണം വളർത്താം, കേരളത്തെ സംരക്ഷിയ്ക്കാം എന്നതാവട്ടെ വികസിത കേരളത്തിന്റെ തൊഴിൽ ആപ്തവാക്യം.

*********